**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 109** | **04-07-2022 - ൽ മറുപടിയ്ക്ക്**

**കുളിമാട് പാലം തകർന്ന സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുളിമാട് പാലത്തിന്റെ മൂന്ന് ബീമുകൾ നിർമ്മാണത്തിനിടെ തകർന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; പ്രസ്തുത സംഭവത്തിൽ നിർമ്മാണ ചുമതലയുണ്ടായിരുന്ന കമ്പനിയുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കുളിമാട് പാലം നിർമ്മാണത്തിൽ ബീം സ്ഥാപിക്കുന്നതിനിടയിൽ മറിഞ്ഞു വീണ സംഭവത്തെ ഗൗരവത്തോടെയാണ് സർക്കാർ കണ്ടത്. സംഭവത്തെക്കുറിച്ച് ശാസ്ത്രീയവും വിശദവുമായ അന്വേഷണത്തിന് പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിരുന്നു. വിജിലൻസ് നൽകിയ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ബീമുകൾ ഉറപ്പിക്കുമ്പോൾ ഹൈഡ്രോളിക് ജാക്ക് തകരാറായതാണ് ബീമുകൾ തകരാൻ കാരണം എന്ന കമ്പനിയുടെ വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വാദം അന്വേഷണത്തെ ബാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | സംഭവത്തെക്കുറിച്ച് പൊതുമരാമത്ത് വിജിലൻസ് വിഭാഗമാണ് ശാസ്ത്രീയവും സാങ്കേതികവുമായ അന്വേഷണം നടത്തിയത്. പൊതുമരാമത്ത് വിജിലൻസ് വിഭാഗത്തിന്റെ ആവശ്യാർത്ഥം കോഴിക്കോട് എൻ.ഐ.ടി. യിൽ നടത്തിയ സാങ്കേതിക പരിശോധനകളുടേയും, ദൃക്സാക്ഷി മൊഴികളുടേയും, ബീം വീണതിന്റെ രീതിയുടേയും അടിസ്ഥാനത്തിലാണ് ഹൈഡ്രോളിക് ജാക്കിയുടെ അപാകത കാരണമാണ് അപകടം ഉണ്ടായതെന്ന് അന്വേഷണസംഘം കണ്ടെത്തിയത്. |
| (സി) | ആവശ്യമായ സുരക്ഷ ഉറപ്പാക്കാതെ നിർമ്മാണം നടത്തിയതാണ് പാലം തകരാനുണ്ടായ കാരണം എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (സി) | പരിശോധിച്ചിട്ടുണ്ട്. |
| (ഡി) | സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ബീമുകൾ ചരിയാനുള്ള സാധ്യത മുന്നിൽക്കണ്ട് വശങ്ങളിൽ ബലമുള്ള strut/tie ഡിസൈൻ ചെയ്തു ഉപയോഗിക്കുന്ന തുൾപ്പെടെയുള്ള മാറ്റങ്ങൾ വരുത്തി അധിക സുരക്ഷ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുവേ എല്ലാ നിർമ്മാണ പ്രവൃത്തികളിലും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ